III ഇ.ബി. XII-കേരള നിയമസഭ/IV-8

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 13, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*151, *152 & *153) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**II ശ്രദ്ധ ക്ഷണിക്കൽ**

(1) പ്രകൃതിക്ഷോഭത്തിനിരയായവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ.ബി. ഗണേഷ് കുമാർ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയിലേയ്ക്ക് ശ്രീ. എ.എ. അസീസ് ധനകാര്യ

വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## III തിരുത്ത്

പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 25–9–06–ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 762–ാം നമ്പർ ചോദ്യത്തിന്റെ (ഡി) പിരിവിന് നല്കിയ ഉത്തരത്തിന്റെ അനുബന്ധം (3)–ൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള ഉത്തരം ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## IV സബ്മിഷൻ

(1) നിലമ്പൂരിൽ എസ്.എസ്.എ. പരീക്ഷ ചോദ്യപേപ്പർ ചോർന്ന സംഭവത്തെ സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) തൃശ്ശൂർ ജില്ലാ ആശുപത്രി വികസനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടത് സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(3) കോന്നിയിലെ കൊക്കാത്തോട് വൈദ്യുതീകരണ പദ്ധതിയുടെ വിപുലീകരണം സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) തലശ്ശേരി–വളവുപാറ റോഡ് ഗതാഗത യോഗ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പു മന്ത്രി മറുപടി നൽകി.

(ശ്രീമതി കെ.കെ. ശൈലജ ടീച്ചറും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

(5) പട്ടാമ്പി–വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഫയലുകൾ തീപിടിച്ച് നശിച്ചത് സംബന്ധിച്ച് ശ്രീ. സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) പറമ്പിക്കുളം ആളിയാർ കരാർപ്രകാരമുള്ള ജലം ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(7) പാറശ്ശാലയിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വിശ്രമ കേന്ദ്രം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) തോന്നയ്ക്കൽ ആശാൻ സ്മാരകത്തിൽ പരസ്യ ചിത്രീകരണം നടത്തിയത് സംബന്ധിച്ച് ശ്രീ. എം.എ. വാഹീദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും

പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും സംസാരിച്ചു.)

(9) പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം.ഹംസ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(10) കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.കെ.ലതിക ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട ഈസ്റ്റ് എളേരി പഞ്ചായത്തിലെ പാലാവയൽ റവന്യു ജില്ലയിലെ കൃഷിയിടങ്ങളിൽ കാട്ടാനകളുടെ ആക്രമണംമൂലം കർഷകർക്കുണ്ടായ ദുരിതം സംബന്ധിച്ച് ശ്രീ.കെ.കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) തിരുരങ്ങാടിയിലെ വിവിധ പഞ്ചായത്തുകളിലെ ശുദ്ധജല ക്ഷാമം സംബന്ധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

## V റിപ്പോർട്ട് സമർപ്പണം

(1) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ ഇരുപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ നാല് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ധനകാര്യം

### 2007–08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ കെ.വി. കുഞ്ഞിരാമൻ, അടൂർ പ്രകാശ്, കെ. രാജു, കെ. മുഹമ്മദുണ്ണി ഹാജി, എം.വി. ശ്രേയാംസ് കുമാർ, ജോർജ് എം. തോമസ്, വി. സുരേന്ദ്രൻപിള്ള, ബി.ഡി. ദേവസ്സി, കോവൂർ കുഞ്ഞുമോൻ, പി.ടി.എ. റഹീം, ശ്രീമതി കെ.എസ്. സലീഖ എന്നിവർ സംസാരിച്ചു.

## VII വ്യക്തിപരമായ വിശദീകരണം

ശ്രീ. ജോർജ് എം. തോമസ് തന്റെ പ്രസംഗത്തിനിടയിൽ ഉന്നയിച്ച ആരോപണങ്ങൾ സത്യവിരുദ്ധമാണെന്നും അവയെല്ലാം ശക്തിയായി നിഷേധിക്കുന്നുവെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഒരു കരാറുകാരനാണ് ആരോപണങ്ങൾക്ക് പിന്നിലെന്നും അന്നത്തെ വകുപ്പുമന്ത്രി

എന്നുള്ള നിലയിൽ കരാറുകാരനെതിരെ എടുത്ത നടപടിയാണ് ഇന്ന് ആരോപണമുന്നയിക്കാൻ പ്രേരകമായതെന്നും ശ്രീ. അടൂർ പ്രകാശ് വിശദീകരിച്ചു.

**ധനകാര്യം (തുടർച്ച)**

തുടർന്ന് ശ്രീ. പി.എം.എ. സലാം ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു

## VIII ക്രമപ്രശ്നം

സഭയിൽ ചിത്രങ്ങളും വാർത്തകളും സംപ്രേഷണം ചെയ്യാൻ പറ്റാവുന്ന ഇലക്ട്രോണിക്സ് ഉപകരണം കൊണ്ടുവരുന്നത് സംബന്ധിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച ക്രമപ്രശ്നത്തിന് റൂളിംഗ് നൽകുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

**ധനകാര്യം (തുടർച്ച)**

തുടർന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ. ടി.എൻ. പ്രതാപൻ, കെ.വി. അബ്ദുൾ ഖാദർ, മാങ്കോട് രാധാകൃഷ്ണൻ, കെ.എം. മാണി, സി.എം. ദിനേശ് മണി, എ.പി. അനിൽകുമാർ എന്നിവരും സംസാരിച്ചു.

2007 മാർച്ച് 14–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.45 –ന് പിരിഞ്ഞു.